ഡോക്ടർമാരെ നിയമിക്കുവാൻ നടപടി

122 (133) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡലത്തിലെ കീച്ചേരി, മുളംതുരുത്തി, പിറവം, രാമമംഗലം എന്നീ ആശുപത്രികളിൽ ഡോക്ടർമാർ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കീച്ചേരി പ്രൈമറി ഹെൽത്ത് സെന്ററിൽ അനുവദിച്ചിട്ടുള്ള രണ്ട് തസ്തികകളിലും ഡോക്ടർമാരില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് സംബന്ധിച്ച് ആരുടെയെല്ലാം പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) ഇവിടെ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 12-5-2000, 29-5-2000, 12-6-2000 എന്നീ തീയതികളിലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവുകൾ പ്രകാരം മുളംതുരുത്തി, കീച്ചേരി, പിറവം എന്നീ ആശുപത്രികളിൽ ഓരോ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. രാമമംഗലത്ത് ഡോക്ടറെ നിയമിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) പരാതി ലഭിച്ചിട്ടുണ്ട്. കീച്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടറെ 12-6-2000-ലെ ഉത്തരവ് അനുസരിച്ച് നിയമിച്ചിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

ഡോക്ടർമാരുടെ നിയമനം

123 (134) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ ഡോക്ടർമാരുടെ നിയമനത്തിനുള്ള ലിസ്റ്റ് ഏറ്റവും ഒടുവിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധപ്പെടുത്തിയതെന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ കോപ്പി ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) പി.എസ്.സി ആഫീസിൽ നിന്ന് വിവരം ശേഖരിച്ചു വരുന്നു.

ജനസംഖ്യാ നിയന്ത്രണത്തിന് പുരോഗതി

124 (135) ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴിക്കാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതത്തിലെ ജനസംഖ്യ നൂറുകോടി തികഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ ആരോഗ്യ കുടുംബാസൂത്രണ പ്രക്രിയയിൽ എത്രകണ്ട് പുരോഗതി കൈവരിക്കാനും ജനസംഖ്യാനിയന്ത്രണം ഏതളവുവരെ യാഥാർത്ഥ്യമാക്കാനും കഴിഞ്ഞിട്ടുണ്ടെന്ന് അവലോകനം ചെയ്തിട്ടുണ്ടോ എന്നുമുള്ള വിശദാംശം വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്തെ ശിശുമരണ നിരക്ക് നിയന്ത്രിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അവലോകനം ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ മാസംതോറും നടക്കുന്ന സീനിയർ ആഫീസേഴ്സ് കോൺഫറൻസിൽ ആരോഗ്യ കുടുംബക്ഷേമ പരിപാടിയിൽ കൈവരിച്ച പുരോഗതി അവലോകനം ചെയ്യുകയും ലക്ഷ്യം നേടുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ശിശുമരണ നിരക്ക് നിയന്ത്രിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 1971 മുതൽ 97 വരെയുള്ള ശിശുമരണ നിരക്ക് ചുവടെ ചേർക്കുന്നു.

		ശിശുമരണ നിരക്ക് (ആയിരത്തിന്)
1971	-	58
1981	-	37.4
1991	-	16
1997	-	12

ഈ കണക്കു പ്രകാരം സംസ്ഥാനത്ത് ശിശുമരണ നിരക്ക് നിയന്ത്രണ വിധേയമാണെന്ന് കാണാവുന്നതാണ്. ഇൻഡ്യയിലെ ശരാശരി ശിശുമരണ നിരക്ക് 72 ആണ്.

LIBRARY ARCHIVES Kerala Legislative Assembly